Break the chain

# കേരളസർവകലാശാല

നം.പി.ആർ.96/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി., സെപ്റ്റംബർ 2021 സ്പെഷ്യൽ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 21 ന് മുൻപായി ഓഫ്‌ലൈനായി അപേക്ഷിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല മെയ് 3 ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം വർഷ ബി.ഫാം. (അഡീഷണൽ ചാൻസ്), ജനുവരി 2022 പരീക്ഷയിലെ പേപ്പർ III – ഫാർമകോഗ്നോസി III എന്ന വിഷയം മെയ് 16 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനും സമയക്രമത്തിനും മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ ബി.കോം. അഞ്ച്, ആറ് സെമസ്റ്റർ (എസ്.ഡി.ഇ.) പരീക്ഷയുടെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് ഇലക്ടീവ് പ്രാക്ടിക്കൽ പരീക്ഷ മെയ് 18, 19, 20 തീയതികളിൽ കാര്യവട്ടം എസ്.ഡി.ഇ. കമ്പ്യൂട്ടർ ലാബിൽ വച്ച് നടത്തുന്നതാണ്. പരീക്ഷാസമയം രാവിലെ 10 മണി മുതൽ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ജനുവരി 2021 സ്പെഷ്യൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് 2022 മെയിൽ നടക്കുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ./ബി.എസ്സി./ബി.കോം./സി.ആർ. പരീക്ഷകൾക്ക് പിഴകൂടാതെ മെയ് 16 വരെയും 150 രൂപ പിഴയോടെ മെയ് 17 വരെയും 400 രൂപ പിഴയോടെ മെയ് 18 വരെയും ഓഫ്‌ലൈനായി സർവകലാശാലയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

### പിഎച്ച്.ഡി. നൽകി

ധനുഷ എസ്.എസ്., ബെറ്റ്സി സൂസൻ ജോൺസൺ (ബയോടെക്നോളജി), പോൾ രാജ് എൽ.എസ്. (ബയോകെമിസ്ട്രി), വിബിത ബി.വി., സ്മിത എസ്., അനു കൃഷ്ണ പി.ജി. (ഫിസിക്സ്), ബിന്ദു എസ്. (ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്), മിഷ വി., രശ്മി ആർ., രശ്മി ആർ ചന്ദ്രൻ, മീര ഭാസ്കരൻ (കൊമേഴ്സ്), ജോസഫ് മാനുവൽ വി. (ഫിലോസഫി), സൗമ്യ ബി.റ്റി. (ഹിന്ദി), പ്രസാദ് രാജേന്ദ്രൻ (ജ്യോഗ്രഫി) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

### യു.ജി.സി.–നെറ്റ്/ജെ.ആർ.എഫ്. പരീക്ഷാ പരിശീലനം

കേരളസർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ യു.ജി.സി.–നെറ്റ്/ജെ.ആർ.എഫ്. പരീക്ഷകളുടെ ജനറൽ പേപ്പറിന് 2022 മെയ് 23 മുതൽ പരിശീലനം

നൽകുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പരിശീലനം നൽകുന്നത്. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ തിരുവനന്തപുരം പി.എം.ജി.ജംഗ്ഷനിലുള്ള സ്റ്റുഡൻസ് സെന്ററിൽ പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ ഓഫീസിലെത്തി നേരിട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 0471 – 2304577

തിരുവനന്തപുരം,
11.05.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**